സെന്റ് മേരീസ് എൽ. പി. ജി. എസ്

നിരണം സെൻട്രൽ

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-2026

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്ന ഈ അധ്യയന വർഷം അക്കാദമിക - ഭൗതിക നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തിലെ ഓരോ കുട്ടിയെയും ഭാഷ വിഷയങ്ങളിൽ എഴുത്തിലും വായനയിലും പ്രാപ്തരാക്കുക കുട്ടികളുടെ ഗണിതശേഷികൾ വർദ്ധിപ്പിക്കുക, മറ്റു വിഷയങ്ങളിലും, പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളുടെ അഭിരുചി വികസിപ്പിക്കുക തുടങ്ങിയവും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

വിഷയം : ഭാഷ

മേഖല : വായന

പ്രവർത്തനപരിപാടിയുടെ പേര് :- വായിക്കാം രസിക്കാം.

പ്രതീക്ഷിത നേട്ടങ്ങൾ :- ഒന്നുമുതൽ നാലുവരെയുള്ള എല്ലാ കുട്ടികളും അക്ഷരവ്യക്തതയോടെയും ഒഴുക്കോടെയും വായിക്കുന്നതിന്

ചുമതല : ചിഞ്ചു സന്തോഷ്.

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | വിഭവങ്ങൾ |
|---|---|---|---|---|
| 1 | സമ്മാനം ആർക്ക് ? | Tr. അക്ഷരക്കാർഡുകൾ വിതരണം ചെയ്യുന്നു. കുട്ടികളോട് അവ ഉപയോഗിച്ചുണ്ടാക്കാവുന്ന പരമാവധി വാക്കുകൾ കണ്ടെത്തി വായിക്കാൻ അവസരം നൽകുന്നു. കൂടുതൽ വാക്കുകൾ കണ്ടെത്തി വായിച്ച കുട്ടിക്ക് സമ്മാനം | 3 ആഴ്ച. | ഓരോ ക്ലാസിനും അനുയോജ്യമായ വാക്കുകൾ |
| 2. | വാക്യകേളി | വാക്കുകൾ എഴുതിയ കാർഡുകൾ വിതരണം ചെയ്യുന്നു. വാക്കുകൾ ചേർത്ത് പരമാവധി വാക്യങ്ങൾ ഉണ്ടാക്കി വായിക്കുന്നു. | 3 ആഴ്ച. | ഓരോ ക്ലാസിനും അനുയോജ്യമായ വാക്കുകൾ നൽകുന്നു |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 3. | ഞാനെവിടെ ? പറയാമോ ? | വായനാകാർഡുകൾ കുട്ടികൾക്ക് നൽകുന്നു. Tr. ഏതാനും വാക്കുകൾ/ വാക്യങ്ങൾ പറയുന്നു. കുട്ടികൾ ആ വാക്കുകൾ/ വാക്യങ്ങൾ കണ്ടെത്തി എഴുതുന്നു. | 3 മാസം | |
| 4. | കഥ എഴുതാം സമ്മാനം നേടാം | കഥയുടെ തുടക്കം നൽകുന്നു. ബാക്കികഥ കണ്ടെത്തി എഴുതുന്നു. കഥക്ക് തലക്കെട്ട് നൽകിക്കുന്നു.<br>കഥാചിത്രങ്ങൾ കാണിക്കുന്നു. ചിത്രം കണ്ട് കഥ എഴുതിക്കുന്നു. കഥക്ക് അനുയോജ്യമായ തലക്കെട്ട് നൽകുന്നു.<br>ഏറ്റവും നന്നായി കഥ എഴുതിയ കുട്ടികൾക്ക് സമ്മാനം. | 3 മാസം | |
| 5 | പത്രം വായിക്കാം കണ്ടെത്തി എഴുതാം. | 5 ചോദ്യങ്ങൾ പത്രത്തിൽ നിന്നും ദിവസവും കൊടുക്കുന്നു. കുട്ടികൾ പത്രം വായിച്ച് അവയുടെ ഉത്തരങ്ങൾ കണ്ടെത്തി എഴുതുന്നു. | 5 മാസം. | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | റിമാർക്സ് |
|---|---|---|---|---|
| 6. | വായനാമരം | ഓരോ കുട്ടിക്കും ചാർട്ടിൽ ഒരുവലിയ മരത്തിന്റെ ചിത്രം വരച്ച് പേരെഴുതി നൽകുന്നു. എല്ലാ വെള്ളിയാഴ്ചയും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. കുട്ടികൾ പുസ്തകം വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. ഒരു വായനാക്കുറിപ്പിന് ഒരു ഇല സമ്മാനിക്കും. ഇല മരത്തിൽ ഒട്ടിക്കും. 5 ഇല ആകുന്ന കുട്ടിക്ക് ഒരു പൂവ് സമ്മാനിക്കുന്നു. [ഇലയും പൂവും വർണക്കടലാസിൽ വെട്ടി ഉണ്ടാക്കിയത്] വർഷാവസാനം ആർക്കാണോ കൂടുതൽ പൂവ് കിട്ടിയത് ആ കുട്ടിക്ക് സമ്മാനം. | 5 മാസം | |

വിഷയം: ഭാഷ

മേഖല : ലേഖനം

പ്രതീക്ഷിതനേട്ടങ്ങൾ :- ഒന്നു മുതൽ നാലു വരെയുള്ള എല്ലാകുട്ടികളും അക്ഷരത്തെറ്റില്ലാതെ, വ്യക്തമായും വൃത്തിയോടെയും എഴുതുന്നതിന്

പ്രവർത്തനങ്ങൾ :- എഴുതാം കളിക്കാം

ചുമതല: ഉഷാകുമാരി. പി.ഡി, കൃപ തങ്കം രാജൻ

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 1 | ആഭരണം അണിയിക്കാം | Tr. ബോർഡിൽ വാക്കുകൾ, വാക്യങ്ങൾ എന്നിവ ചിഹ്നങ്ങൾ ഇല്ലാതെ എഴുതുന്നു. അനുയോജ്യമായ ചിഹ്നങ്ങൾ ചേർത്ത് വാക്കുകളും വാക്യങ്ങളും പൂർത്തിയാക്കുന്നു. | 3 ആഴ്ച | |
| 2. | ആർക്കാണു സമ്മാനം? | അക്ഷരങ്ങളും വാക്കുകളും എഴുതിയ കാർഡുകൾ നൽകുന്നു. കാർഡുകൾ ചേർത്ത് പരമാവധി വാക്യങ്ങൾ, വാക്കുകൾ എന്നിവ എഴുതിക്കുന്നു. കൂടുതൽ പദങ്ങളും വാക്യങ്ങളും എഴുതിയ കണ്ടെത്തി കുട്ടികൾക്കു സമ്മാനം. | 5 ആഴ്ച | |

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ്. |
|---|---|---|---|---|
| 3. | കഥ കേൾക്കാം | ചെറിയ ചെറിയ കഥാപുസ്തകങ്ങൾ നൽകുന്നു. അവ മറ്റുകുട്ടികൾക്ക് വായിച്ചുകൊടുക്കുന്നു. സ്കൂൾ ലൈബ്രറിയിൽനിന്നും വിതരണം ചെയ്ത പുസ്തകങ്ങൾ വായിച്ച് അവരുടെ വായനാക്കുറിപ്പുകൾ മറ്റുകുട്ടികളെ വായിച്ചുകേൾപ്പിക്കാൻ അവസരം കൊടുക്കുന്നു. | 2 മാസം | അതാതു ക്ലാസിന് യോജിച്ച കഥാ പുസ്തകങ്ങൾ നൽകുന്നു. |
| 4. | വാർത്തകൾ അറിയാം | ദിവസവും അസംബ്ലിയിൽ ഒന്നു ചുമതലയുള്ള കുട്ടി പത്രവാർത്ത വായിക്കുന്നു. | 1 വർഷം | |
| 5 | വായിക്കാം കണ്ടെത്താം. | എല്ലാകുട്ടികൾക്കും വായനാക്കാർഡുകൾ വിതരണം ചെയ്യുന്നു. ഒരു കുട്ടി ചോദ്യങ്ങൾ ചോദിക്കുന്നു. മറ്റുകുട്ടികൾ വായനാക്കാർഡ് വായിച്ച് ഉത്തരം കണ്ടെത്തി പറയുന്നു. | 2 മാസം | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 6 | എന്റെ വായനാക്കുറിപ്പ് | 'വായനാമരം' പരിപാടി വായനക്ലബ്ബുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട്. കുട്ടികൾ അവർ വായിക്കുന്ന പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ വായനാക്കുറിപ്പ് തയ്യാറാക്കുമ്പോഴും ഓരോ ഇല വായനാമരത്തിൽ ഒട്ടിക്കുന്നതിനായി സമ്മാനിക്കുന്നു | 6 മാസം | |
| 7. | ഡയറി എഴുതാം | കുട്ടികളോട് ദിവസവുമുള്ള കാര്യങ്ങൾ അതാതു ദിവസം ഉറങ്ങുന്നതിനുമുൻ എഴുതണം എന്നു പറയുന്നു. പിറ്റേന്ന് അത് വായിച്ചു കേൾപ്പിക്കാൻ അവസരം കൊടുക്കുന്നു. | 1 വർഷം | |


വിഷയം: ഗണിതം.

മേഖല : ചതുഷ്ക്രിയകൾ

പ്രവർത്തന പരിപാടിയുടെ പേര്: ഗണിതം മധുരം


പ്രതീക്ഷിത നേട്ടങ്ങൾ :- ഒന്നു മുതൽ നാലുവരെയുള്ള എല്ലാ കുട്ടികളിലും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

ചുമതല: ~~ചിഞ്ചു സന്തോഷ്~~, നിസ്സി പി. ചാക്കോ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | റിമാർക്സ് |
|---|---|---|---|---|
| 1 | കണ്ടെത്താം എഴുതാം | കാർഡുകൾ നൽകുന്നു. കാർഡിലെ വിട്ടുപോയ കളങ്ങളിലെ സംഖ്യകൾ കണ്ടെത്തി എഴുതുന്നു.   | 1 വാരം | ഓരോ ക്ലാസ്സിനും യോജിച്ച പ്രവർത്തനങ്ങൾ നൽകുന്നു. |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 2. | കാർഡു കളി | സംഖ്യകൾ എഴുതിയ കാർഡുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. കുട്ടികൾ അവരുടെ കാർഡിനു യോജിച്ച ക്രിയകൾ തെരഞ്ഞെടുക്കുന്നു. (ക്രിയകളുള്ള Cards ഉം വിതരണം ചെയ്യുന്നു)<br>[2×2] [21] [4]<br>[41-20] [390] | 4 ആഴ്ച. | |
| 3. | കൂട്ടുകാരെ കണ്ടെത്താം | Tr. കാർഡുകൾ വിതരണം ചെയ്യുന്നു. (ചതുഷ്ക്രിയകൾ ഉൾപ്പെടുന്നവ). ഓരോരുത്തരും അവരവർക്കു കിട്ടിയ ക്രിയകൾ ചെയ്യുന്നു. അവരുടെ ഉത്തരം വരുന്ന സംഖ്യ എഴുതിയ കാർഡുകാരെ കണ്ടെത്തുന്നു. അവർ തമ്മിൽ കൂട്ടുകാർ.<br>[312+248] [900-300] [560] [600]<br>കളി ആവർത്തിക്കുന്നു. | 4 ആഴ്ച. | |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 4 | ഗണിതപ്പാട്ട്. | കുട്ടികളെ 2 പേർ അടങ്ങുന്ന group ആക്കുന്നു. group I : രണ്ടുകൾ ഞങ്ങൾ മൂന്നായാൽ സംഖ്യകളെ പറയാമോ? group II : സംഖ്യകൾ രണ്ടുകൾ നിങ്ങൾ മൂന്നായാൽ നിങ്ങൾ പറയാമോ. തുടർന്ന് രണ്ടാമത്തെ group ചോദിക്കുന്നു. കൂടുതൽ point നേടിയ group കൾ വിജയി. | 1 മാസം. | |
| 5. | ഒളിഞ്ഞിരിക്കുന്നതാര്? | Tr. ചതുരങ്ങൾ (സംഖ്യകൾ നിറഞ്ഞത്) നിറഞ്ഞ ഒരു ചിത്രം നൽകുന്നു. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ഒരുതാനും ഗണിതക്രിയകളും നൽകുന്നു. കുട്ടികൾ അവർക്കു കിട്ടിയ ക്രിയകൾക്ക് ഉത്തരമായി വരുന്ന കളങ്ങൾക്ക് നിറം നൽകുന്നു. ഒളിഞ്ഞിരിക്കുന്നതാരെന്ന് കണ്ടെത്തുന്നു. | 3 വാരം. | |

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 6 | കറക്കാം കുറയ്ക്കാം | മൂന്നക്കസംഖ്യകൾ/ നാലക്കസംഖ്യകൾ എഴുതിയ സംഖ്യാചക്രം വരയ്ക്കുന്നു. ചക്രം കറക്കുന്നു. കറങ്ങി നിൽക്കുമ്പോൾ വരുന്ന സംഖ്യ ബുക്കിൽ എഴുതുന്നു. രണ്ട് സംഖ്യകൾ എഴുതുന്നു. അവ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നു. | 3 വാരം | |
| 7. | സംഖ്യാമാല പൂർത്തിയാക്കാം |  | 1 ആഴ്ച. | |

വിഷയം: ഇംഗ്ലീഷ്

മേഖല: Reading

പ്രതീക്ഷിത നേട്ടം: ഒന്നു മുതൽ നാലുവരെയുള്ള എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന്

ചുമതല: നിഷ്മി.പി.ചാക്കോ (HM), കൃപ താക്കാ രാജൻ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ്. |
|---|---|---|---|---|
| 1. | Who am I ? | Tr. പക്ഷികളെയും മൃഗങ്ങളെയും കുറിച്ചുള്ള കടങ്കഥകൾ ചോദിക്കുന്നു. Chart-ൽ എഴുതി അവതരിപ്പിക്കുന്നു. കുട്ടികൾ അവ വായിച്ച് കടങ്കഥകൾക്ക് ഉത്തരം പറയുകയും എഴുതുകയും ചെയ്യുന്നു.<br>I am a bird.<br>My colour is black.<br>My first letter is 'c'<br>Who am I ?<br>fruits, vegetables, flowers ഇവ ചേർത്ത് കളി ആവർത്തിക്കുന്നു | 2 weeks. | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | റിമാർക്സ് |
|---|---|---|---|---|
| 2 | പദമാല (Word chain) | കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. ഒരു കുട്ടി ഒരു word പറയുന്നു. ആ word ന്റെ ഒടുവിലത്തെ അക്ഷരം ചേർത്തുള്ള വാക്ക് അടുത്ത കുട്ടി പറയുന്നു. വാക്കുകൾ പറയാത്ത കുട്ടി കളിയിൽ നിന്നും പുറത്താകുന്നു. Flowers, Animals, Birds ഇവയുടെ പേരുകൾ പറഞ്ഞും കളി നടത്തുന്നു. ലേഖനത്തിനും ഈ പ്രവർത്തനങ്ങൾ നടത്തുന്നു. | 3 മാസം. | ഓരോ കുട്ടിക്കും യോജിച്ച പ്രവർത്തനങ്ങൾ നൽകുന്നു. |
| 3 | Picture reading. | English Picture Stories കുട്ടികളെ കാണിക്കുന്നു. ചിത്രങ്ങൾ കണ്ട് കഥകൾ പറയിക്കുകയും എഴുതിക്കുകയും ചെയ്യുന്നു. തലക്കെട്ട് കഥക്ക് നൽകിക്കുന്നു. നന്നായി ചെയ്യുന്ന കുട്ടികളെ അനുമോദിക്കുന്നു. ചെറിയ സമ്മാനങ്ങൾ നൽകുന്നു. | 3 മാസം. | |

| ക്രമനമ്പർ | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ്. |
|---|---|---|---|---|
| 4 | Picture Description | Tr. picture കാണിക്കുന്നു. ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ കുട്ടി എഴുതിഅവതരിപ്പിക്കുന്നു. | 2 മാസം | |
| 5 | Add more lines. | 4 lines കൊടുക്കുന്നു. ബാക്കിവരികൾ കുട്ടി കണ്ടെത്തിപറയുന്നു. എഴുതുന്നു. നന്നായി കണ്ടെത്താൻ സഹായം.<br><br>(1) I can sing I can dance<br>I can sing and dance<br>- - - -<br>- - - - -<br><br>(2) Butterflies, Butterflies<br>Come with me<br>We can play we can dance<br>We can stay together<br>- - - - - -<br>- - - - | 3 മാസം | |

| ക്രമ. നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | റിമാർക്സ്. |
|---|---|---|---|---|
| 6. | Daily English. | എല്ലാ ദിവസവും അസംബ്ലി മദ്ധ്യേ ചെറിയ English വാക്കുകളും, അതിന്റെ പ്രയോഗവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ആ വാക്കുപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നതിന് അവസരം നല്കുന്നു.<br>Eg: Have<br>I have a book<br>I have a bag | വർഷം മുഴുവനും | |
| | | | | |

വിഭാഗം:- പൊതുവിജ്ഞാനം

പഠനനേട്ടം:- കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്

ചുമതല:- ~~ഉഷാകുമാരി ടീച്ചർ~~ നിസ്സി. പി. ചാക്കോ

സമയം:- 9.15 am to 9.45 am

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | റിമാർക്സ് |
|---|---|---|---|---|
| 1. | ചോദിക്കാം പറയാം | ദിവസവും അസംബ്ലിയിൽ അന്നു ചുമതലയുള്ള കുട്ടി പൊതുവിജ്ഞാനത്തിന്റെ 5 ചോദ്യങ്ങൾ ചോദിക്കുന്നു കുട്ടികൾ ഉത്തരം പറയണം. | 1 വർഷം | |
| 2. | പത്രത്തിൽ എവിടെ | പത്രത്തിൽ നിന്നും 5 ചോദ്യങ്ങൾ ദിവസവും കുട്ടിക്ക് കൊടുക്കുന്നു. കുട്ടികൾ പത്രം വായിച്ച് അവയുടെ ഉത്തരം കണ്ടെത്തി എഴുതണം. കൂടുതൽ ഉത്തരങ്ങൾ കണ്ടെത്തിയ കുട്ടിക്ക് ആഴ്ചയിൽ സമ്മാനം നൽകുന്നു | 1 വർഷം | |

15